കുടിശ്ശികയും കൈത്തറി തൊഴിലാളികൾക്ക് 18 മാസത്തെ കുടിശ്ശികയും നൽകാനുണ്ട്. കർഷകത്തൊഴിലാളി പെൻഷൻ വിതരണം ചെയ്യുന്നതിന് 150 കോടി രൂപയും ബീഡി തൊഴിലാളി പെൻഷന് 3 ലക്ഷം രൂപയും കശുവണ്ടി തൊഴിലാളി പെൻഷന് 3.67 കോടി രൂപയും കൈത്തറി തൊഴിലാളികൾക്ക് 1.44 കോടി രൂപയും ആവശ്യമായി വരും.

നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റിൽ നിക്ഷേപം നടത്തുന്നവർക്ക് നൽകുന്ന സമ്മാനം

30 [313] ശ്രീ. ഡി. സുഗതൻ :
,, എം. പി. ഗംഗാധരൻ :
,, കെ. പി. വിശ്വനാഥൻ :
,, വി. ബാലറാം :
,, എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റിൽ നിക്ഷേപം നടത്തുന്നവർക്ക് നൽകുന്ന സമ്മാനത്തിന് അർഹരായവരെ തെരഞ്ഞെടുക്കാൻ 2002-2003-ലും, 2003-2004-ലും ഇതുവരെ എത്ര 'ഡ്രോ' നടത്തിയിട്ടുണ്ട്;

(ബി) ഈ ഡ്രോ നടത്തുന്നതിനുള്ള നടപടിക്രമമെന്ത് എന്ന് വെളിപ്പെടുത്തുമോ;

(സി) ഈ ഓരോ ഡ്രോയിലും സമ്മാനം ലഭിച്ചവരുടെ പേരുവിവരം പ്രസിദ്ധീകരിച്ചുവോ; എങ്കിൽ എപ്രകാരം;

(ഡി) സമ്മാനം ലഭിച്ചവരെയെല്ലാവരെയും വിവരം അറിയിച്ചിട്ടുണ്ടോയെന്നും സമ്മാനം ലഭിച്ചവരെല്ലാം അതു വാങ്ങിയോ എന്നും വ്യക്തമാക്കുമോ;

(ഇ) ഈ കാലഘട്ടത്തിൽ നടത്തിയ ഡ്രോയിൽ എത്ര പേർ സമ്മാനം ക്ളയിം ചെയ്യാതിരുന്നുവെന്നും അതിനുള്ള കാരണം എന്ത് എന്നും വ്യക്തമാക്കുമോ;

(എഫ്) ഒന്നും രണ്ടും മൂന്നും സമ്മാനങ്ങൾ ക്ളയിം ചെയ്യാതിരുന്നിട്ടുണ്ടോ;

(ജി) പ്രസ്തുത കാലയളവിൽ നടത്തിയ ഡ്രോയുടെ റിസൾട്ട് കാണിക്കുന്ന ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കുമോ?

ഉത്തരം

(എ) 2002-2003-ലെ മൂന്നു നറുക്കെടുപ്പുകളിലെ രണ്ട് എണ്ണം 22-11-2002-ലും, 27-6-2003-ലുമായി നടന്നു കഴിഞ്ഞു. മൂന്നാമത്തെ നറുക്കെടുപ്പ് 28-1-2004-ൽ നടത്താൻ നിശ്ചയിച്ചിട്ടുണ്ട്. 2003-2004 വർഷത്തിലെ നറുക്കെടുപ്പിനുള്ള സമയം ആയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അർഹരായ നിക്ഷേപകർക്ക് ജില്ലാ ഓഫീസുകൾ വഴി സമ്മാന കൂപ്പണുകൾ നൽകുന്നു. അതിനുശേഷം സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ മേൽനോട്ടത്തിൽ ഡ്രോ നടത്തുന്നു. നറുക്കെടുപ്പ് ഫലം പ്രമുഖ പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നുമുണ്ട്.

(സി) പേരുവിവരം പ്രസിദ്ധീകരിക്കാറില്ല. സമ്മാനാർഹമായ കൂപ്പൺ നമ്പരേ പ്രസിദ്ധീകരിക്കാറുള്ളു.

(ഡി) സമ്മാനാർഹരെ നേരിട്ട് വിവരം അറിയിക്കാറില്ല. സമ്മാനം വാങ്ങാത്തവരും ഉണ്ട്.

(ഇ) ആദ്യ ഡ്രോയിൽ 388 പേരും രണ്ടാമത്തെ ഡ്രോയിൽ 398 പേരും സമ്മാനം ക്ളയിം ചെയ്യാതിരുന്നു. സമ്മാനം ക്ളയിം ചെയ്യാത്തതിന്റെ കാരണം വ്യക്തമല്ല.

(എഫ്) ഇല്ല.

(ജി) വയ്ക്കാം†.

സംസ്ഥാനത്തെ മഹിളാപ്രധാൻ ഏജന്റുമാർ

31 [314] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ആകെ എത്ര മഹിളാപ്രധാൻ ഏജന്റുമാരാണ് ഉള്ളത്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) 2002-2003, 2003-2004 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഇതുവരെ മഹിളാപ്രധാൻ ഏജന്റുമാർ മുഖാന്തിരം ശേഖരിച്ചിട്ടുള്ള തുകയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) ഇപ്പോൾ ഇവർക്ക് നൽകി വരുന്ന കമ്മീഷൻ എത്ര ശതമാനമാണ്;

(ഡി) നിലവിലുള്ള കമ്മീഷൻ വർദ്ധിപ്പിക്കുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ;

(ഇ) മഹിളാപ്രധാൻ ഏജന്റുമാരുടെ കമ്മീഷൻ തുകയെ ആദായ നികുതിയിൽ നിന്നും ഇളവ് ചെയ്ത് നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സംസ്ഥാന ഗവൺമെന്റ് കേന്ദ്രസർക്കാരിന് നിവേദനം നൽകുകയുണ്ടായിട്ടുണ്ടോ;

(എഫ്) ഇതിൻമേൽ കേന്ദ്ര ഗവൺമെന്റ് കൈക്കൊണ്ട നടപടി സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന് എന്തെങ്കിലും വിശദീകരണം ലഭിക്കുകയുണ്ടായിട്ടുണ്ടോ?

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly